ഈ ഘടകങ്ങളുടെ നിർമ്മാണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-യുടെ സഹായത്തോടെ നൂതന സാങ്കേതികവിദ്യ ഉൾപ്പെടുത്തികൊണ്ടുള്ള നിർമ്മാണരീതി ആവിഷ്കരിച്ചിട്ടുണ്ട്.

3. തൊട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW/99 MU) - ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാംകണ്ടം വില്ലേജിൽ നിർമ്മാണ പ്രവർത്തനങ്ങൾനടന്നു വരുന്ന തൊട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ 31.79 ശതമാനം ജോലികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുവാൻ കാലതാമസം നേരിട്ടതിൽ പദ്ധതിയുടെ പുരോഗതിയിലും കാലതാമസം നേരിട്ടിട്ടുണ്ട്. പുതുക്കിയ ഷെഡ്യൂൾ അനുസരിച്ച് പദ്ധതി 9/2016-ൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ചെങ്കുളം ആഗ്മെന്റേഷൻ സ്കീം (85 MU) - വെസ്റ്റേൺ കല്ലാർ ആറ്റിലെ വെള്ളം ടണൽ മാർഗ്ഗം ചെങ്കുളം ഡാമിലെത്തിച്ചു ചെങ്കുളം പവർ ഹൗസിലെ വൈദ്യുതോൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ് ചെങ്കുളം ആഗ്മെന്റേഷൻ സ്കീം.

2009 ജൂലൈയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച ചെങ്കുളം ആഗ്മെന്റേഷൻ പദ്ധതി 2013 ജനുവരിയിൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഭൂമി ഏറ്റെടുക്കുവാനുണ്ടായ കാലതാമസവും ഭൂമിയുടെ അന്തർഭാഗത്തുള്ള പാറയുടെ ബലക്ഷയവുമാണ് പദ്ധതി പ്രവർത്തനങ്ങൾ നീണ്ടുപോകാൻ കാരണമാകുന്നത്. ഇപ്പോൾ പദ്ധതിയുടെ 58.54% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി 12/2017-ഓടെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി മോഷണം

28(2016) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വൈദ്യുത മോഷണ കേസ്സുകൾ പിടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുത മോഷണം പിടികൂടിയത് മുഖേന പിഴയായി എത്ര തുക സർക്കാരിന് ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) വൈദ്യുത മോഷണവും അനധികൃത ഉപയോഗവും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2151 വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) 14,95,92,492 രൂപ പിഴയായി ബോർഡിന് ലഭ്യമായിട്ടുണ്ട്.

(സി) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണവും അനധികൃത ഉപയോഗവും തടയുന്നതിനായി ആവശ്യംവേണ്ട സജ്ജീകരണങ്ങളോടുകൂടി 13 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സെക്ഷൻ തലത്തിലും, ഡിവിഷൻതലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്യുവരുന്നു. എപിറ്റി സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം തടയുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

വൈദ്യുതി മോഷണം നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് എന്ന നൂതന ഉപകരണം വാങ്ങുകയും എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, തുടങ്ങിയ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 13 സ്ക്വാഡുകളും വൈദ്യുതി മോഷണം തടയുന്നതിലേയ്ക്കായി എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തിവരുന്നുണ്ട്.

വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം

29(2017) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ.കെ. ശിവദാസൻ നായർ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനംവഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ ;